# സി.എം. വലിയുല്ലാഹി മെമ്മോറിയൽ സെന്റർ
## മടവൂർ, കോഴിക്കോട്,

ധന്യമായ സുകൃത ജീവിതത്തിലൂടെ ആറ് പതിറ്റാണ്ടുകാലം ആയിരങ്ങൾക്ക് ആത്മീയ നേതൃത്തം നൽകിയ മഹാനായ സി.എം വലിയുല്ലാഹിയുടെ നിർദേ.ശാനുസരണം ആരംഭിക്കുകയും മഹാനവറുകളുടെ വഫാത്തിനു ശേഷം അവിടുത്തെ നാമദേയത്തിൽ ബഹുമുഖ പദ്ധതികളുമായി പ്രവർത്തിച്ച് വരുികയും ചെയ്യുന്ന മഹൽസ്ഥാപനവുമാണ് സി.എം മെമ്മോറിയൽ സെന്റർ , മടവൂർ

മത സാമുഹിക സാംസ്കാരിക വൈജ്ഞാനിക , ജീവകാരുണ്യ മേഖലകളിൽ സുത്യർഹമായ സേവന പ്രവർത്തനങ്ങളുമായി 19 വർ.ഷം പിന്നിട്ട സെന്റർ സമൂഹത്തിന്റെ പ്രതീക്ഷയായി വളർന്നു കഴിഞ്ഞു . ഇല്ലായിമയിൽ നിന്നും തുടങ്ങിയ പുരോഗതിയുടെ ചവിട്ടുപടികൾ കടന്ന സി.എം സെന്ററിന് മുന്നേറ്റത്തിന്റെ നൂറ് കഥകളാണ് പറയാനുള്ളത് . ഇസ്ലാമിക തനിമയുടെ ചാരുതയും ചൈതന്യവും പ്രശോഭിതമായ തുടിപ്പും തൊട്ടറിഞ്ഞ് ആസൂത്രിതവും ശാസ്ത്രീയവുമായ പാഠ്യ സംവിധാനം അച്ചടക്കം ആദർശ നിഷ്ട് എന്നിവയെല്ലാം സമകാലിക സമൂഹത്തിന് ആശ്വാസം നൽകും വിധം വിദ്യാർത്ഥി മനസ്സുകളിൽ വിദ്യയുടേയും ആത്മീയതയുടേയും ഉപാസനയെ ഊട്ടിയുറപ്പിക്കാനുള്ള പദ്ധതികളും ലക്ഷ്യങ്ങളുമാണ് ജനമനസ്സുകളിൽ സി.എം സെന്ററിന്റെ പ്രശസ്തി ഇത്രത്തോളം വേരൂന്നാൻ സഹായകമായത്.

**യതീംഖാന- അഗതി മന്ദിരം ,ശരീഅത്ത കോളേജ്, ദഅവാ കോളേജ്, ഹയർ എഡുക്കേഷൻ സെന്റർ, ബോർഡിംഗ് സ്കൂൾ, ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഹൈസ്കൂൾ, എൽ.പി യു.പി സ്കൂളുകൾ, സി.എം സെന്റർ ഐ.ടി.സി , കംപ്യൂട്ടർ സെന്റർ, ലൈബ്രറി ആന്റ് റിസർച്ച് സെന്റർ, ദൈ്വമാസ ദിക്റ് ഹൽഖ, ഖാദിരിയ്യ റാത്തീബ് , സമൂഹ വിവാഹം, റിലീഫ് സെൽ ,പള്ളികൾ, മദ്രസകൾ തുടങ്ങിയവ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന സംരംഭങ്ങളാണ്. വിവിധ സ്ഥാപനങ്ങളിലായി 3000 ത്തോളം വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.**

### ദഅവാ കോളേജ്

മതപ്രബോധന രംഗത്ത് കെൽപ്പുറ്റ ഒരു നിര ഇന്നിന്റെ ആവശ്യമാണ്. മത ഭൗതിക സമന്വയ വിദ്യാഭ്യാസത്തിന്റെ പ്രസക്തി വർദ്ദിച്ച് വരുമന്ന കാലയളവിൽ ഒരു പ്രബോധകന് മത ഭൗതിക വിക്ജ്ഞാന ശാഖകളിൽ അവഗാഹം നേടാനും പ്രബോധന മേഖലകളെ കൂടുതൽ സമ്പുഷ്മാക്കാനും ദഅവാ കോളേജുകൾക്ക് സാധ്യമാവുന്നു . മത ഭൈതിക വിചക്ഷണരുടെ കോലാചിതമായ ഇടപെടലുകൾ സമന്വയ വിദ്യാഭ്യാസ രംഗത്ത് മാറ്റം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. നാളെ പ്രബോധകരാവേണ്ട മത വിദ്യാർത്ഥികൾക്ക് സമൂഹത്തെ നേർവഴിക്ക നയിക്കാനും കാലത്തിന്റെ സ്പന്ദനങ്ങൾ അറിയാനും സാധിക്കേണ്ടത് അനിവാര്യമാണ് . എസ്.എസ്.എൽ.സി പഠനത്തിന് ഉയർന്ന ഗ്രേഡ് ലഭിച്ചവർക്ക് മതരംഗത്ത് ഉന്നത ബിരുദവും ഭൗതിക രംഗത്ത് +2 ബി.എ , എം.എ, പി.ജി, ട്രെയിംഗ് തുടങ്ങി 8 വർഷത്തെ കോഴ്ലിനൊപ്പം ഇംഗ്ലീഷ് അറബി,ഉറുദു സ്പീക്കിംഗ് കോഴ്സും നൽകിരുന്നു.

### ശരീഅത്ത് കോളേജ്

നവലോക ക്രമത്തിനൊപ്പം മനുഷ്യർ അധാർമികതയിലേക്ക് നിലം പതിക്കുമ്പോൾ, പണ്ഡിത ധർമ്മം വർദ്ദിക്കുകയാണ്. വിശ്വാസം, കർമ്മ ശാസ്ത്രം ,ആത്മസംസകരണം, ചരിത്രം, സാഹിത്യം, എന്നീ മേഖലകളിലെല്ലാം അഗാത ജ്ഞാനം നേടാനുള്ള സൗകര്യങ്ങളോട് കൂടി ശരീഅത്ത് കോളേജ് നടന്നുവരുന്നു. ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷ എഴുതാനും കംമ്പ്യൂട്ടർ പരിശീലനത്തിനും പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ട് .

## യതീംഖാന അഗതിമന്ദിരം

സെന്ററിന്റെ സ്ഥാപനങ്ങളിൽ മഹത്തരമാണിത് . അനാഥ സംരക്ഷണം പോലെ ഏറെ പുണ്യമുള്ള കാര്യമാണ് അഗതി സംരക്ഷണവും .അനാഥകളെ സ്വീകരിക്കാൻ നമ്മുടെ നാടുകളിൽ സ്ഥാപനങ്ങൾ വർദ്ധിച്ചിരിക്കെ പിതാവുണ്ടായിട്ടും അനാഥത്വം പേറുന്ന ആയിരങ്ങളുടെ മനോവ്യഥ അറിയാൻ നമുക്ക് ബാധ്യതയുണ്ട് . ഈ ബാധ്യത ഏറ്റെടുത്ത് കൊണ്ടാണ് യതീമുകൾക്കൊപ്പം അഗതികളായ വിദ്യാർത്ഥികളെ കൂടി വ്ദ്യാഭ്യാസ വിപ്ലവത്തിന്റെ ഉപാസകരാക്കി മാറ്റിയെടുക്കാനുള്ള പദ്ധതികളുമായി സെന്റർ മുന്നോട്ട് പോവുന്നത്.

## ഹയർ എഡ്യുക്കേഷൻ സെന്റർ

എസ്.എസ്.എൽ.സിയിൽ ഉന്നത വിജയം കരസ്ഥമാക്കിയിട്ടും സാമ്പത്തിക പരാതീനതകൾ കാരണം ഉന്നത വിദ്യാഭ്യാസത്തിന് കഴിയാത്ത വിദ്യാർത്ഥികലെ ഏറ്റെടുത്ത് അവർക്ക് മതപരവും ഭൗതികപരവുമായ പഠന സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നു. IAS, IPS, IFS, MEDICAL, ENGINEERING, MBA , CA, ICWAI തുടങ്ങി നിരവധി ബിരുദ ബിരുദാനന്തരം തുടങ്ങി തൊഴിലധിഷ്ഠിതവും അല്ലാത്തതുമായ കോഴ്സുകൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും സെന്റെറിന്റെ കീഴിലായി നിരവധി വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.

## ബോർഡിംഗ് മദ്രസ

സമ്പന്നരുടെ മക്കൾ നേരായ ഷിക്ഷണത്തിന്റെ അഭാവം കൊണ്ട് വഴി പിഴച്ചു പോകുന്ന ദുരവസ്ഥയാണ് നാം കാണുന്നത്. ഗൾഫ് പണത്തിന്റെ ആധിക്യവും സാമ്പത്തിക ഭദ്രതകൊണ്ടുള്ള ആർഭാടവും ഇഷ്ടാനിഷ്ടം ജീവിക്കാൻപുതിയ തലമുറയെ പ്രേരിപ്പിക്കുന്നു.സ്കൂൾ പഠനത്തോടൊപ്പം 10 ാം ക്ലാസ്സ വരെ മതപഠനവും സ്വലാത്ത്, സിയാറത്ത് തുടങ്ങി ആത്മീയ അന്തരീക്ഷവും സൃഷ്ടിക്കുന്നതാണ് സെന്ററിന്റെ ബോർഡിംഗ് മദ്രസ.

## പ്ലസന്റ് പബ്ലിക്ക് സ്കൂൾ

പരിവർത്തനങ്ങലുടെ ലോകത്ത് ജീവിക്കുന്ന നമ്മുടെ ചുറ്റുപാടുകളും ശാസ്ത്രസാങ്കേതിക മേഖലകളും നമ്മുടെ സാമൂഹിക അവസ്ഥ തന്നെ മാറ്റികൊണ്ടിരിക്കുന്നു. ഈ മാറ്റം സാമ്പത്തിക രംഗത്തും അനിവാര്യമായിരിക്കുകയാണ് . മത്സരാധിഷ്ടിതമാണ്. ഇന്നെത്തെ ലോകം . ബുദ്ധിയും വൈജ്ഞാനിക നേട്ടങ്ങളുമാണ് ഇന്ന് മാറ്റുരുക്കുന്നത്. നമ്മുടെ കുട്ടികൾ നമ്മുടെ പ്രതീക്ഷകളാണ്. അവരെ സാഹചര്യങ്ങൾക്ക് വിട്ട് കൊടുക്കാതെ മുന്നേറാൻ പ്രാപ്തരാകുന്നത് നമ്മുടെ കടമയാണ്. ഗ്രാമീണതയുടെ വിശുദ്ധിയിൽ നൃൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ സി.ബി.എസ്.ഇ സിലബസോടെ നടന്ന് വരുന്ന ഇംഗ്ലീഷ് മീഡിയത്തിൽ വിദ്യാർത്ഥികൾക്ക് മതപഠനവും നൽകിവരുന്നു.

## സ്കൂളുകൾ

സാധാരണക്കാരന്റെ മക്കൾക്ക് അറിവിന്റെ ആദ്യക്ഷരം നുകരാനുള്ള കേന്ദ്രങ്ങളെന്ന നിലയിൽ ഉന്നത നിലവാരമുള്ള പ്രൈമറി സ്കൂളുകൾ കാലഘട്ടത്തിന്റെ ആവശ്യമാണ് .ഈ ആവശ്യം ഗൗരവമായെടുത്ത് പഠനനിലവാരമുള്ള L.P, U.P, ഹൈസ്കൂൾ തുടങ്ങിയവയും സെന്റർ നടത്തിവരുന്നു.

## റിലീഫ് സെൽ

രോഗം കൊണ്ട് അവശരാ നിർദനർക്ക് ആശ്വാസം പകരാനും  വീടില്ലാതെ കഷ്ടപ്പെടുന്ന പാവങ്ങൽക്ക് വീട് വെച്ച് നൽകാനും വിവാഹ പ്രായം ചെന്ന പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കാനും സാമ്പത്തിക പരാതീനതയാൽ വിദ്യാഭ്യാസം  വഴിമുട്ടിയ ദരിദ്ര വിദ്യാർത്ഥികൾക്ക് പഠന സഹായം നൽകാനും റിലീഫ് സെൽ കർമ്മനിരതമാണ്.

## സമൂഹ വിവാഹം

സാമ്പത്തിക പ്രാരാബ്ദം മുലം വിവാഹ സ്വപനം പൂവണിയാത്ത് ഹതഭാഗ്യരായ പെണ്ടകുട്ടികൾക്ക് മംഗല്യ സ്വപനം പൂർത്തീകരിച്ചെടുക്കാൻ സെന്റെർ പദ്ധതികൾ ആവിശ്കരിച്ചിട്ടുണ്ട് .ഓരോ വർഷവും നിരവധി യുവധികൾക്ക് സി.എം സെന്റർ സമൂഹ വിവാഹം വഴി മംഗല്യ സ്വപനം പൂർത്തീകരിക്കപ്പെടുന്നു.

## ദിക്റ് ഹൽഖ, ഖാദിരിയ്യാറാത്തീബ്

ഊഷരമായ ജീവിധ യാഥാർത്ഥ്യങ്ങൾക്കിടയിൽ സാന്ത്വനം തേടി മടവൂരിലെത്തുന്നവർക്ക് മഖാം പരിസരത്ത് രണ്ട് മാസത്തിലൊരിക്കൽ നടന്നുവരുന്ന ദിക്റ് ഹൽഖയും മാസത്തിലൊരിക്കൽ നടന്നുവരുന്ന ഖാദിരിയ്യാറാത്തീബും വല്ലാത്ത അനുഭവമാണ്. 313 പതിമൂന്ന് പേരെ കൊണ്ട് തുടങ്ങിയ ഹൽഖയിൽ ഇന്ന് 3000 മെമ്പർമാർ ഉണ്ട് രണ്ട് മാസത്തിലൊരിക്കൽ നടക്കുന്ന ദിഖ്റ് ഹൽഖ അറബി മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച മഗ്രിബിന്  ശേഷമാണ്  നടക്കാറുള്ളത് .

## ഭക്ഷണ നിരക്ക്

കാപ്പി കടി – 5.00
ഉച്ച ഭക്ഷണം  12.00
രാത്രി ഭക്ഷണം 12.00

10 മണി ചായ 11.00
വൈകു. ചായ കടി  5.00
ആകെ ഒരുദിവസം 45.00

**സ്പെഷ്യൽ ഭക്ഷണം**

ബിരിയാണി ബീഫ് 20.00
ബിരിയാണി മട്ടൻ 25.00
ബിരിയാണി ചിക്കൻ 22.00
നെയ്ച്ചോറ് ബീഫ്  18.00
നെയ്ച്ചോറ് മട്ടൻ 24.00
നെയ്ച്ചോറ് ചിക്കൻ 20.00
വെറും ചോറ് മത്സ്യം 12.00

വെറും ചോറ് ബീഫ്  14.00
വെറുചോറ് മട്ടൻ 20.00
വെറും ചോറ് ചിക്കൻ 17.00
പൊറോട്ട ബീഫ്  14.00
പായസം ചീരിണി  8.00
നോമ്പ് തുറ 30.00
അത്തായം 20

**ഒരുജോടി വസ്ത്രം 400.00**